**പതിമൂന്നാം കേരളനിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2078 — 12.02.2013-ൽ മറുപടിയ്ക്ക്.

**വന്യജീവി ആക്രമണം തടയാൻ മാർഗ്ഗങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. ഉമ്മർ<br>ശ്രീ.വി. എം. ഉമ്മർമാസ്റ്റർ<br>ശ്രീ.സി. മോയിൻകുട്ടി | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വനാതിർത്തിയോട് ചേർന്ന വില്ലേജുകളിലും വനത്തിനുള്ളിലെ ആദിവാസി സെറ്റിൽമെന്റുകളിലും വന്യജീവി ആക്രമണം തടയാൻ എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നല്കുമോ; | (എ) വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന ജനവാസ കേന്ദ്രങ്ങളിൽ വന്യജീവി ആക്രമണം തടയുന്നതിന് താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചു വരുന്നത്.<br>1. വൈദ്യുത കമ്പിവേലി, ആന പ്രതിരോധ കിടങ്ങുകൾ, മതിലുകൾ എന്നിവയുടെ നിർമ്മാണം.<br>2. നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളെ തിരികെ കാട്ടിലേയ്ക്ക് വിടുന്നതിന് 8 റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.<br>3. വന്യമൃഗങ്ങൾക്ക് തീറ്റയും വെള്ളവും ലഭ്യമാക്കുന്നതിന് തടയണകൾ, കുളങ്ങൾ ഇവ നിർമ്മിച്ചു വരുന്നു.<br>4. വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ താമസിക്കുന്നവരിൽ താല്പര്യമുള്ളവരെ മാറ്റി താമസിപ്പിക്കുന്ന പദ്ധതി കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്നതിന് ആരംഭം കുറിച്ചു.<br>5. വന്യജീവികളെ ആകർഷിക്കുന്ന വിളകൾ വന സമീപത്തു കൃഷിചെയ്യുന്നതിൽ നിന്ന് കർഷകരെ പിന്തിരിപ്പിക്കുന്നതിലേക്ക് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു.<br>6. വന്യമൃഗങ്ങളെ ആകർഷിക്കുന്ന രീതിയിലുള്ള മാലിന്യങ്ങൾ വനാതിർത്തി പരിസരത്ത് നിക്ഷേപിക്കുന്നത് ബോധവൽക്കരണത്തിലൂടേയും നിയമ നടപടികൾ വഴിയും നിരുത്സാഹപ്പെടുത്തി വരുന്നു. |

(ബി) മഞ്ചേരി മണ്ഡലത്തിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ മൂനാടിയിൽ കാട്ടാനകളുടെ ശല്യം തടയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത പ്രദേശത്ത് കാട്ടാനകളുടെ ആക്രമണത്തിൽ നിന്നും മനുഷ്യ ജീവന് സംരക്ഷണം നൽകുന്നതിന് സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

(ബി) യും (സി)യും - ഈ പ്രദേശങ്ങളിൽ സൈലൻറ്വാലി നാഷണൽ പാർക്കിന്റെ ബഫർസോൺ മേഖലയിൽനിന്നുമാണ് കാട്ടാന ഇറങ്ങി വരുന്നത്. 2012 മാർച്ച് മാസത്തിൽ മൂനാടി ഉൾപ്പെടുന്ന പറയൻമേട് വനഭാഗത്തിനു ചുറ്റും 5 കിലോമീറ്റർ നീളത്തിൽ സോളാർ പവർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ സംരക്ഷണത്തിനായി പഞ്ചായത്ത് അംഗത്തിന്റെ നേതൃത്വത്തിൽ ഗുണഭോക്തൃ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സൈലന്റ്വാലി ബഫർ മേഖലയിൽ 11 കിലോമീറ്റർ നീളത്തിൽ വൈദ്യുതവേലി സ്ഥാപിച്ചിട്ടുണ്ട്. നിലമ്പൂരിൽ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമിനെ ഇത്തരം സന്ദർഭങ്ങളിൽ നടപടികൾ കൈക്കൊള്ളുന്നതിന് സുസജ്ജമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.